# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – തിരൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ലിമിറ്റഡ് നം. എം.633 – മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്കു ഷെയറെടുക്കുന്നതിനു വ്യവസ്ഥകളോടെ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2386/2015/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 03.08.2015

---

പരാമർശം:- തിരൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ലിമിറ്റഡ് നം. എം633, പ്രസിഡന്റ് -ന്റെ 17.09.2011 ലെ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ തിരൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ലിമിറ്റഡ് നം. എം.633 ന്റെ മൂലധന സമാഹരണത്തിലേക്കു മലപ്പുറം ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഷെയർ എടുക്കുന്നതിന് അനുമതി നൽകണമെന്ന് പ്രസ്തുത സഹകരണ സംഘത്തിന്റെ പ്രസിഡന്റ് പരാമർശം ഒന്നിലെ കത്ത് മുഖേന അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ തിരൂർ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന തിരൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ലിമിറ്റഡ് നം. എം633 ന്റെ മൂലധന സമാഹരണത്തിനായി മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് കമ്മിറ്റി തീരുമാനത്തിനു വിധേയമായി ചുവടെ ചേർക്കുന്ന വ്യവസ്ഥകളും ബന്ധപ്പെട്ട മറ്റെല്ലാ ചട്ടങ്ങളും കർശനമായി പാലിച്ചുകൊണ്ട് ഷെയർ എടുക്കുന്നതിനു അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഷെയർ എടുക്കുന്നതുമൂലം ഗ്രാമപഞ്ചായത്തുകൾക്കുണ്ടാകുന്ന ഏതുതരം ഫണ്ട് കുറവിനുംപകരം സർക്കാർ അധിക ധനസഹായം അനുവദിക്കുന്നതല്ല.
2. 1996 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ 4 പ്രകാരമുള്ള മിച്ച ഫണ്ട് നിക്ഷേപത്തിന്റെ ഭാഗമായിരിക്കും ഷെയർ എടുക്കലും.
3. ഷെയർ എടുക്കാനുദ്ദേശിക്കുന്ന ഓരോ ഗ്രാമപഞ്ചായത്തിന്റെയും ധനസ്ഥിതി (സർക്കാരുകളിൽ നിന്നുള്ള ഫണ്ടുകൾ ഒഴികെ) നികുതി നികുതിയേതര വരുമാനത്തിന്റെ കാര്യത്തിൽ ഇങ്ങനെയൊരു ഷെയർ/നിക്ഷേപത്തിനു മിച്ച സ്ഥിതിയിലാണെന്നും ടി ധനസ്ഥിതി ഷെയർ/ നിക്ഷേപം നടത്തുന്നതുമൂലം ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെയോ വികസന പ്രവർത്തനങ്ങളെയോ ബാധിക്കുന്ന സ്ഥിതിയിലല്ലെന്നു കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ സാക്ഷ്യപ്പെടുത്തൽ ലഭിച്ചിട്ടുണ്ടെന്നു ഗ്രാമപഞ്ചായത്ത് ഷെയർ എടുക്കുന്നതിനുമുമ്പ് ഉറപ്പാക്കേണ്ടതാണ്.
4. ഷെയർ എടുക്കുമ്പോൾ ടി സഹകരണ സ്ഥാപനം ഓഡിറ്റ് ഗ്രേഡിങ്ങിൽ 'ബി ഗ്രേഡിൽ' താഴെയാകുവാൻ പാടുള്ളതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
പി.റംലത്ത്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
നിയമവകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ &ഇ/എൽ.ബി.എ. & എ), കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (ഗ്രാമപഞ്ചായത്തുകൾക്ക് പകർപ്പ് നൽകുന്നതിന്)

റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കോഴിക്കോട്.

സെക്രട്ടറി, തിരൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ലിമിറ്റഡ്, താഴെപ്പാളം, തിരൂർ – 676 107 മലപ്പുറം

സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.